LIBRARY ARCHIVES Kerala Legislative Assembly

മയക്കുമരുന്ന് കച്ചവടവും ഉപയോഗവും

176 (180) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നഗരങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് കച്ചവടവും ഉപയോഗവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) മയക്കുമരുന്ന് ഉപയോഗിച്ചുള്ള ഡി.ജെ. പാർട്ടികൾ നിരോധിക്കുന്നതിനും പാർട്ടികളിൽ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ച് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയുന്നതിനായി കർശനമായ വാഹന പരിശോധനയും റെയ്ഡുകളും നടത്തി വരുന്നു. കൂടാതെ റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ടൂറിസ്റ്റ് ബസ്സുകൾ എന്നിവ പ്രത്യേകം നിരീക്ഷിച്ചും പരിശോധനകൾ നടത്തിയും വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയുന്നു.

മയക്കുമരുന്ന് മാഫിയകൾ

177 (181) ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് മാഫിയകൾ സജീവമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ എത്ര കേസ്സുകൾ സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ :

(സി) എത്ര വിദേശികൾ ഇത്തരം കേസ്സുകളിൽ പ്രതികൾ ആയിട്ടുണ്ട് ; ഇവരുടെ പേര് വിവരങ്ങൾ ഉൾപ്പെടെയുള്ള വിവരം വെളിപ്പെടുത്താമോ ?